കേരള സാഹിത്യ അക്കാദമി
തൃശൂർ
03.02.2018

പത്രക്കുറിപ്പ് 2

# സിനിമ ആന്തരികപരിവർത്തനത്തിനുള്ള ശക്തമായ കലാമാധ്യമം ജോൺപോൾ

തൃശൂർ : വ്യക്തികളുടേയും സമൂഹത്തിന്റേയും ആന്തരികപരിവർത്തനത്തിന് ഏറ്റവും ശക്തമായി ഉപകരിക്കുന്ന കലാമാധ്യമം സിനിമയാണെന്ന് പ്രമുഖ ചലച്ചിത്രകാരൻ ജോൺപോൾ പറഞ്ഞു. ഏറ്റവും മൂർച്ചയോടെ ജീവിതത്തെ വിചാരണ ചെയ്യാൻ സിനിമക്ക് കഴിയും. വിഗ്രഹഭഞ്ജനം നടത്താനും പ്രതിഷ്ഠാകർമം നടത്താനും സിനിമക്കുള്ള കഴിവ് മറ്റൊരു മാധ്യമങ്ങൾക്കുമില്ലെന്നും അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവത്തിന്റെ ഭാഗമായി നടത്തിയ 'സിനിമയും സംസ്കാരവും' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തീർച്ചയായും സംവിധായകന്റെ കലയാണ് സിനിമ. സ്ഥലകാലബോധ്യത്തോടെ സർഗാത്മകമായ രീതിയിൽ ആശയത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സംവിധായകന് കഴിയുമ്പോഴാണ് മികച്ച സിനിമയുണ്ടാവുന്നത്. സംസ്കാരമെന്നത് മതവും രാഷ്ട്രീയശാഠ്യവുമല്ല, മാനവികതയാണ്. ജൈവസ്പന്ദനങ്ങളാണ് സംസ്കാരത്തിന്റെ അടിസ്ഥാനധാരയെന്നും അദ്ദേഹം പറഞ്ഞു.

അശാന്തനോട് മാത്രമല്ല, വൈലോപ്പിള്ളിയോടും കലാമണ്ഡലം ഹൈദരലിയോടും നമുക്ക് നീതി പുലർത്താനായിട്ടില്ല. അസഹിഷ്ണുതയാണ് ഇവിടെയെല്ലാം മേൽക്കൈ നേടിയതെന്നും ജോൺപോൾ പറഞ്ഞു.

ഫ്യൂഡൽ കാഴ്ചപ്പാടുകളാണ് മലയാളസിനിമാമേഖലയെ ഇപ്പോഴും നിയന്ത്രിക്കുന്നതെന്ന് പ്രമുഖ സംവിധായിക വിധു വിൻസെന്റ് പറഞ്ഞു. റിയൽ എസ്റ്റേറ്റ് ബിസിനസിനോടടുത്ത് നിൽക്കുന്ന വൻ ഇടപാടുകളാണ് സിനിമയുടെ ഭാഗമായും അതിന്റെ മറവിലും നടക്കുന്നത്. ജനാധിപത്യപരമായ തൊഴിൽ അന്തരീക്ഷം സിനിമാമേഖലയിലില്ല. ഭരണകൂടവും സമൂഹവും ജാഗ്രതയോടെയുള്ള ഇടപെടലുകൾ നടത്തിയാൽ മാത്രമേ ഈ അന്തരീക്ഷം മാറ്റാനാവൂ എന്നും അവർ പറഞ്ഞു.

പ്രിയനന്ദനൻ അധ്യക്ഷനായി. ചരിത്രത്തേയും കാലത്തേയും വളച്ചൊടിക്കുന്ന സിനിമകൾ സമൂഹത്തോട് വലിയ അപരാധമാണ് ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. തൃശൂർ കോർപറേഷൻ കൗൺസിലർ അനൂപ് കരിപ്പാൽ, സംവിധായകൻ പ്രേംലാൽ, ടി.ആർ.അനിൽകുമാർ എന്നിവരും സംസാരിച്ചു.

വൈറ്റ്‌ലാന അലക്സിവിച്ച് എഴുതി ഏബ്രഹാം പരിഭാഷപ്പെടുത്തിയ 'ചെർണോബിൽ പ്രാർത്ഥന' പ്രൊഫ.കുസുമം ജോസഫിന് നൽകി കെ.വേണു പ്രകാശനം ചെയ്തു. കസാൻദ്സാക്കിസ് രചിച്ച 'ദൈവത്തിന്റെ നിസ്വൻ-അസീസിയിലെ ഫ്രാൻസിസ് പുണ്യാളൻ' എന്ന നോവൽ മിനി ആലീസിന് നൽകി കെ.അരവിന്ദാക്ഷൻ പ്രകാശനം ചെയ്തു. ഡോ.പി.വി.കൃഷ്ണൻനായർ അധ്യക്ഷനായി.

വൈകീട്ട് ഉദിനൂർ ബാലഗോപാലൻ അവതരിപ്പിച്ച 'തനിയെ' നാടകം അരങ്ങേറി. തുടർന്ന് ഹുസൈൻ അലി സെയ്ദും സംഘവും ഗസൽ-സൂഫി-മെഹ്ഫിൽ അവതരിപ്പിച്ചു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

# ഇന്നത്തെ പരിപാടി (04.02.2018)

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവവേദിയിൽ ഇന്ന് 10ന് ചിത്രരചനാ മത്സരം, 10.30ന് ഡോ.എം.എസ്.ഷബീറിന്റെ 'ഇരക്കൊരു മുഴം' കഥാസമാഹാരം പ്രകാശനം. 3ന് 'ഓൺ എയർ' പുസ്തകപ്രകാശനം, 4.30ന് സെമിനാർ – കബീർ : ഭക്തിയും വിഭക്തിയും പൗരോഹിത്യവും, ഉദ്ഘാടനം ബാലചന്ദ്രൻ ചുള്ളിക്കാട്, 6.30ന് സിതാര കൃഷ്ണകുമാറിന്റെ ഗസൽ & ഓൾഡ് ഹിറ്റ് മെലഡീസ്.